Draft #20 of File 3558/AD A1/ASO1/2018/AD A 1 (PART-II) Approved by DEPUTY REGISTRAR I (ADMIN) on 18-Aug-2021 01:00 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

**ജീവനക്കാര്യം: ശ്രീ.ഹരികൃഷ്ണൻ കെ., ഹയർ ഗ്രേഡ് അസിസ്റ്റന്റ് രജിസ്ട്രാർ - ഡെപ്യൂട്ടേഷൻ കാലയളവിന് ശേഷമുള്ള ജോലിയിൽ പുനഃപ്രവേശനം, സ്ഥാനക്കയറ്റം, സ്ഥലംമാറ്റം, നിയമനം - അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 4083/AD A1/2021/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 18.08.2021

---

*പരാമർശം:*-1. ശ്രീ.ബിപിൻ കുമാർ, ഡെപ്യൂട്ടി രജിസ്ട്രാറുടെ 09.08.2021 തീയതിയിലെ അവധിയ്ക്കുള്ള അപേക്ഷ.

2. സർവ്വകലാശാലാ ഉത്തരവ് നമ്പർ :4022/ADA4/2021/എം ജി യു തീയതി:16.08.2021

3. കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ ,മെമ്പർ സെക്രട്ടറിയുടെ കത്ത് No.KSHEC -A 7 /712/MS/Drct /2021 തീയതി :12.08.2021

4. സർക്കുലർ നമ്പർ Ad.AI-3-246/2016 തീയതി 31.05.2016.

5. ജി.ഒ.(പി) നമ്പർ 42/2010/പി. & എ.ആർ.ഡി. തീയതി 20.12.2010.

**ഉത്തരവ്**

ശ്രീ.ബിപിൻ കുമാർ, ഡെപ്യൂട്ടി രജിസ്ട്രാർ, DASP, പെൻഷൻ പ്രാരംഭ അവധിയുമായി ബന്ധപ്പെട്ട് 17.08.2021 മുതൽ 15 ദിവസത്തെ പരിവർത്തിതാവധിക്ക് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ആയത് പരാമർശം (2) പ്രകാരം ഉത്തരവായിരിക്കുന്നു. ടി ഉദ്യോഗസ്ഥൻ 31.08.2021-ൽ സർവ്വീസിൽ നിന്നു വിരമിക്കുകയാണ്.

കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിലിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ഹരികൃഷ്ണൻ കെ., ഹയർ ഗ്രേഡ് അസിസ്റ്റന്റ് രജിസ്ട്രാർ 17.08.2021 ൽ വിടുതൽ ചെയ്യണമെന്ന് അപേക്ഷിച്ചിരിക്കുന്നതിനാൽ ടി സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്യുന്നതാണെന്നും ടിയാനെ മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ തിരികെ ജോലിയിൽ പ്രവേശിപ്പിക്കാൻ അനുവദിക്കണമെന്നും പരാമർശം (3) പ്രകാരം കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ മെമ്പർ സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു .

ശ്രീ.ബിപിൻ കുമാർ, ഡെപ്യൂട്ടി രജിസ്ട്രാറുടെ പെൻഷൻ പ്രാരംഭ അവധിയെ തുടർന്ന് സ്ഥാനക്കയറ്റത്തിന് അർഹതയുള്ള സീനിയർമോസ്റ്റ് ഹയർ ഗ്രേഡ് അസിസ്റ്റന്റ് രജിസ്ട്രാർ ശ്രീ.ഹരികൃഷ്ണനൻ കെ.ആണ് .

മേൽ പരാമർശിച്ചിരിക്കുന്നത് പരിഗണിച്ച്, താഴെ പ്രതിപാദിച്ചിട്ടുള്ള ജോലിയിൽ പുന:പ്രവേശനം, സ്ഥാനക്കയറ്റം, നിയമനം എന്നിവ സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന് വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

Draft #20 of File 3558/AD A1/ASO1/2018/AD A 1 (PART-II) Approved by DEPUTY REGISTRAR I (ADMIN) on 18-Aug-2021 01:00 PM - Page 2

| ക്രമ നം | പേര്, തസ്തിക | പുനഃപ്രവേശനം,സ്ഥാനക്കയറ്റം, സ്ഥലം മാറ്റം , നിയമനം, തസ്തിക, ശമ്പള നിരക്ക്, പ്രാബല്യം | തസ്തിക ഉൾക്കൊള്ളിച്ചിരിക്കുന്നത് | നിയമിച്ചിരിക്കുന്നത് |
|---|---|---|---|---|
| 1. | ശ്രീ.ഹരികൃഷ്ണൻ കെ. ഹയർ ഗ്രേഡ് അസിസ്റ്റന്റ് രജിസ്ട്രാർ, അന്യത്രസേവനം (KSHEC) | 17.08.2021 പൂർവ്വാഹ്നം മുതൽ ഡെപ്യൂട്ടി രജിസ്ട്രാർ ആയി ₹1,07,800 -1,60,000/- ശമ്പള സ്കെയിലിൽ താൽക്കാലികമായ സ്ഥാനക്കയറ്റം നൽകുകയും അന്യത്ര സേവനത്തിൽ നിന്നും വിടുതൽ നേടി 18.08.2021 പൂർവ്വാഹ്നം മുതൽ സർവ്വകലാശാലയിൽ ജോലിയിൽ തിരികെ പ്രവേശിക്കുവാൻ അനുവദിക്കുകയും ചെയ്യുന്നു. | ശ്രീ.ബിപിൻ കുമാർ, ഡെപ്യൂട്ടി രജിസ്ട്രാർ, അവധിയിൽ പ്രവേശിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ് . | DASP -യിൽ ഡെപ്യൂട്ടി രജിസ്ട്രാർ ആയി നിയമിച്ചിരിക്കുന്നു. |
| 2. | ശ്രീ.രാധാകൃഷ്ണപിള്ള വി., സെക്ഷൻ ഓഫീസർ (EJ-5 സെക്ഷൻ)നെയും ശ്രീമതി.കവിത എസ്., സെക്ഷൻ ഓഫീസർ, (Ad B-2 സെക്ഷൻ)നെയും പരസ്പരം സ്ഥലം മാറ്റി നിയമിച്ചിരിക്കുന്നു. | | | |

ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, ചാപ്റ്റർ 3.10 (17) പ്രകാരം അംഗീകരിച്ചിരിക്കുന്നു.

ശ്രീ.ഹരികൃഷ്ണൻ കെ, ഡെപ്യൂട്ടി രജിസ്ട്രാർക്ക് ചുമതല ഏറ്റെടുക്കുന്ന ദിവസം മുതൽ മാത്രമേ സ്ഥാനക്കയറ്റത്തിൻറെ പ്രാബല്യം ലഭിക്കുകയുള്ളൂ.

സ്ഥലം മാറ്റപ്പെട്ട ഉദ്യോഗസ്ഥർ തങ്ങളുടെ കൈവശം ഉള്ള മുഴുവൻ ഫയലുകളുടെയും മറ്റ് അനുബന്ധ രേഖകളുടെയും വിശദാംശങ്ങൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതാണ്. ആയത് മേലുദ്യോഗസ്ഥൻ സൂചന (4) പ്രകാരം പരിശോധിച്ച് അംഗീകരിക്കേണ്ടതാണ്. CTC-യോടൊപ്പം മേൽപ്പടി സർക്കുലറിൽ പരാമർശിച്ചിരിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

സൂചന (5)-ലെ സർക്കാർ ഉത്തരവ് പ്രകാരം സെലക്ഷൻ തസ്തികകളിലേയ്ക്ക് 01.04.2010 നോ അതിനുശേഷമോ സ്ഥാനക്കയറ്റം /സ്വന്തം വകുപ്പിൽ മാറ്റി നിയമനം ലഭിച്ചവർക്ക് (നേരിട്ടുള്ള നിയമനത്തിനൊഴികെ) പ്രൊബേഷൻ കാലഘട്ടം ഒരു വർഷത്തെ തുടർച്ചയായ സേവനകാലാവധിയ്ക്കുള്ളിൽ ആറുമാസം എന്ന് നിജപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ആയതിനാൽ ചുമതല വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ഒരു വർഷത്തെ തുടർച്ചയായ സർവ്വീസിനിടെ ആറുമാസം പ്രൊബേഷൻ കാലഘട്ടമായിരിക്കും.

സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥൻ ഈ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം സ്ഥാനക്കയറ്റ തസ്തികയിലെ ശമ്പള നിർണ്ണയത്തിനുവേണ്ടി സമർപ്പണം നൽകേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഹാരീസ് പി വൈ

ഡെപ്യൂട്ടി രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ
2. വൈസ് ചാൻസിലർ / പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/അക്കാദമികം/പരീക്ഷ/ധനകാര്യം)
5. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെൻറ്, എം.ജി. സർവ്വകലാശാല
6. പബ്ലിക് റിലേഷൻസ് ഓഫീസർ/പൂൾ ഓഫീസർ (ഭരണവിഭാഗം)
7. ഓഡിറ്റ് II/III/ഫിനാൻസ് I/II/എഡി.എIII/എഡി.എ.IV/എഡി.എVI/എഡി.സി I/II/III/ എഫ്.സി.സി.
8. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യൂഎ.സി./CITAD
9. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #20 of File 3558/AD A1/ASO1/2018/AD A 1 (PART-II) Approved by DEPUTY REGISTRAR I (ADMIN) on 18-Aug-2021 01:00 PM - Page 3